## ക ത്തു ക ൾ

# മനുഷ്യരായി ജീവിക്കാനുള്ള പോരാട്ടം

**ദലിത്** നേതാവ് കെ.കെ കൊച്ചുമായുള്ള അഭിമുഖം (2009 ഫെബ്രുവരി 7) ശ്രദ്ധേയമായി. മതത്തിന്റെ മറവിൽ അതിക്രൂരമായി അടിച്ചമർത്തപ്പെട്ട ചരിത്രമാണ് ദലിതന് പറയാനുള്ളത്. ഇന്ന് ഹിന്ദുമതത്തിന്റെ മൊത്തക്കുത്തക ഏറ്റെടുത്ത സംഘ്പരിവാറിന്റെ പ്രധാന ശത്രു ദലിതരാണ്. ചത്ത പശുവിന്റെ തോലുരിഞ്ഞതിന് ദലിത് യുവാക്കളെ ചുട്ടുകൊന്നവരാണ് സവർണർ. ദലിതരെ മുസ്‌ലിംകൾക്കെതിരെ തിരിച്ചുവിട്ട് ഒരു ഇരയെക്കൊണ്ട് മറ്റൊരു ഇരയുടെ ചുടുചോര മാന്തിക്കുന്ന ക്രൂരവിനോദം ആസ്വദിക്കുകയായിരുന്നു ഗുജറാത്തിൽ. ഓർക്കുമ്പോൾ പോലും ഭയവും നടുക്കവുമുണ്ടാക്കുന്ന ജീവിതാനുഭവങ്ങളിലൂടെയാണ് ദലിത് സമൂഹം കടന്നുവന്നത്. വഴി നടക്കാനും മാന്യമായി വസ്ത്രം ധരിക്കാനും മനുഷ്യരെപ്പോലെ ജീവിക്കാനുമുള്ള അവകാശത്തിനു വേണ്ടി ദലിതർ സഹിച്ച യാതനകൾ കേട്ടാൽ കല്ലുകൾ പോലും കരഞ്ഞുപോകും. പുലയന് സ്കൂൾ പ്രവേശനം നൽകിയതറിഞ്ഞ് ഊന്നുപാറപ്പണിക്കർ ബോധംകെട്ടുവീണത്രെ!

ഹിന്ദുമതത്തിലെ അനാചാരങ്ങളോട് കലഹിച്ച വി.ടി ഭട്ടതിരിപ്പാട് എഴുതി: "ഹരിജനങ്ങളെ നാം മൃഗങ്ങളെന്നു വിചാരിക്കുന്നു. ഒരു കരിങ്കല്ലിനെ നാം ദേവനാണെന്നു കരുതുന്നു. ഈ വ്യസനകരമായ വിശ്വാസത്തെ-മതഭ്രാന്തിനെ- കൈവെടിഞ്ഞേ കഴിയൂ. നമുക്ക് കരിങ്കല്ലിനെ കരിങ്കല്ലായി ത്തന്നെ കരുതുക, മനുഷ്യനെ മനുഷ്യനായും."




കാളയുടെയും പോത്തിന്റെയും മാംസം ഭക്ഷിക്കുന്നത് ഉപേക്ഷിക്കാൻ ദലിത് നേതാവ് അപ്പച്ചൻ ആവശ്യപ്പെടുകയുണ്ടായി. കാരണമെന്തെന്നല്ലേ? "അടിമത്തകാലത്ത് കാളയോടും പോത്തിനോടുമൊപ്പം ഹരിജനെ കൂട്ടിക്കെട്ടി വയലുകളിൽ ഉഴവു നടത്തുമ്പോൾ അടിമകളുടെ വേദനയും സങ്കടങ്ങളും പങ്കുവെച്ചവയാണ് ഈ സാധുമൃഗങ്ങൾ."

"വൈക്കത്തപ്പൻ കല്ലാണ്. അത് മുണ്ടലക്കാൻ കൊള്ളാം. കോഴിക്കും പട്ടിക്കും നടക്കാൻ കഴിയുന്ന വഴിയിലൂടെ മനുഷ്യന് നടക്കാൻ കഴിയണം"- വൈക്കം സത്യഗ്രഹ കാലത്ത് കേരളത്തിൽ വന്ന ഇ.വി രാമസ്വാമി നായ്ക്കർ പ്രസംഗിക്കുകയുണ്ടായി.

ജാതീയതയുടെ അർഥശൂന്യത വ്യക്തമാക്കുന്ന ദലിത് കവിതകൾ:

*അമ്പലത്തിൽ ചെണ്ട കൊട്ടാൻ*
*പശുവിന്റെ തോലതുകൊള്ളാം.*
*അമ്പലത്തീ പൂപറിക്കാൻ*
*പറയന്റെ കൊട്ട വേണം.*
*എന്തു ശുത്തി ബ്രാഹ്മണാ*
*എന്തു ശുത്തി ബ്രാഹ്മണാ!*

തിപ്പെരുദ്ര സ്വാമി എഴുതി:

"മുക്കുവന്റെ മകനാണ് വ്യാസൻ
ജാതിഭ്രഷ്ടന്റെ പുത്രനാണ് മാർക്കണ്ഡേയൻ
തവളയുടെ പുത്രിയാണ് മണ്ഡോദരി
അഗസ്ത്യൻ ഒരു വേട്ടക്കാരൻ
ദുർവാസാവ് ചെരുപ്പുകുത്തി
കശ്യപൻ കൽപണിക്കാരൻ
കൗണ്ഡിന്യമുനി, പേരു സൂചിപ്പിക്കും പോലെ
മൂവുലകത്തിനുമറിയാവുന്ന ക്ഷുരകൻ"

ഹൈന്ദവകഥകളിലെ ഒരിക്കലും മറക്കാനാവാത്ത കഥാപാത്രങ്ങളിലൊന്നാണ് ഏകലവ്യൻ. ശശികാന്ത് ഹിങ്കോനേക്കർ ആ ദുരന്ത കഥാപാത്രത്തെ ഇങ്ങനെ ആവിഷ്കരിക്കുന്നു:

"ഓ ഏകലവ്യാ,
നീ നിന്റെ തള്ളവിരൽ സൂക്ഷിച്ചിരുന്നുവെങ്കിൽ
ചരിത്രം മറ്റൊന്നാകുമായിരുന്നു.
പക്ഷേ,
നീ നിന്റെ തള്ളവിരൽ ദക്ഷിണ നൽകി.
അങ്ങനെ
ചരിത്രവും അവരുടെതായി ഏകലവ്യാ!
ആ ദിനത്തിനു ശേഷം
അവർ നിന്നെ തിരിഞ്ഞുനോക്കിയിട്ടേയില്ല.
നീ നിന്റെ തള്ളവിരൽ
സൂക്ഷിച്ചിരുന്നുവെങ്കിൽ
അവർ കോപത്തോടെയെങ്കിലും
നിന്നെ നോക്കുമായിരുന്നു."

(ഉദ്ധരണികൾക്ക് കടപ്പാട്: *ദലിത് പഠനം സ്വത്വം, സംസ്കാരം, സാഹിത്യം*- ഡോ. പ്രദീപൻ പാമ്പിരികുന്ന്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം)

സമസൃഷ്ടി സ്നേഹത്തിന്റെ വിശാലതലങ്ങൾ തേടുന്ന ദലിത് സൂര്യൻ ഉയരങ്ങൾ കീഴടക്കുകതന്നെ ചെയ്യും; സവർണശക്തികൾ എത്ര വെറുത്താലും.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

## കാലത്തിനൊപ്പം

**ലോക്സഭാ** തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയ പാർട്ടി രൂപീകരണവും രാഷ്ട്രീയ നിലപാടുകളും വിശദീകരിച്ച് കേരള അമീർ ടി. ആരിഫലി സാഹിബുമായുള്ള അഭിമുഖം (ലക്കം 39) സന്ദർഭോചിതമായി. നാടെങ്ങും മദ്യവിരുദ്ധ സത്യഗ്രഹങ്ങളും മുദ്രാവാക്യങ്ങളും മുഴങ്ങിയിട്ടും എന്തുകൊണ്ട് 'നവ കേരളം' ഇനിയും നന്നായില്ല? മദ്യം ഹറാമായ സമൂഹത്തിലെ ചിലരും അതിന്റെ ചെറിയൊരംശം അകത്താക്കുന്നുണ്ട്. അത് നിയന്ത്രിക്കാൻ മതനേതാക്കൾ ജാഗരൂകരാവണം. ഇത്തരമൊരു സാഹചര്യത്തിൽ സമൂഹത്തിന് നേർവഴി കാണിക്കാൻ *പ്രബോധനം* കവർസ്റ്റോറിക്ക് സാധിക്കുന്നു.

**സുമാന സ്വാലിഹ്**

## ഡാർവിനിസത്തിനു പിന്നിൽ

**തകർന്നുപോയ** ഡാർവിനിസത്തിന് പുനർജീവൻ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈയിടെ ചാൾസ് ഡാർവിന്റെ ഇരുന്നൂറാം ജന്മ വാർഷികം ചിലർ ആഘോഷിച്ചത്. ഡാർവിനിസത്തെ നിരൂപണ വിധേയമാക്കുമ്പോൾ 'ഇസം' മാത്രം ചർച്ചയാക്കുകയാണ് പതിവ്. ഡാർവിൻ എന്ന വ്യക്തിയെ കുറിച്ചോ ഇത്തരമൊരു വാദം ഉന്നയിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ഘടകത്തെക്കുറിച്ചോ അതിന് അദ്ദേഹത്തെ എല്ലാ നിലക്കും സഹായിച്ച വിഭാഗത്തെക്കുറിച്ചോ ആരും നിരൂപണ വിധേയമാക്കിയതായി കണ്ടിട്ടില്ല. ദൈവധിക്കാരം കാണിച്ചതിന്റെ പേരിൽ കുരങ്ങന്മാരാക്കപ്പെട്ട ഒരു വിഭാഗത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നുണ്ട്. കുരങ്ങന്മാരാക്കപ്പെട്ടതിന്റെ പേരിൽ തങ്ങൾ മാത്രം പരിഹസിക്കപ്പെടരുത് എന്ന ചിന്താഗതിയായിരിക്കില്ലേ മനുഷ്യരെ മുഴുവൻ കുരങ്ങന്മാരാക്കുന്ന സിദ്ധാന്തവുമായി രംഗത്തുവരാൻ ഡാർവിനെ പ്രേരിപ്പിച്ചത്?

**നാദിറ അമീർ കരുവാരകുണ്ട്**

# അറിയാതെ പോകുന്ന മരണങ്ങൾ

**ജീവിതത്തിന്റെ** വ്യത്യസ്ത മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരും വിവിധ വിഷയങ്ങളിൽ പാണ്ഡിത്യം നേടിയവരുമായ സുഹൃത്തുക്കളിൽ പലരും കാലയവനികക്കുള്ളിൽ മറഞ്ഞു. പലരുടെയും വിയോഗവാർത്ത തക്കസമയത്ത് അറിയാത്തതുകൊണ്ട് അവസാനമായി അവരുടെ മുഖം കാണാനുള്ള അവസരം കിട്ടാറില്ല. ഏറ്റവും ഒടുവിൽ *മാധ്യമ*ത്തിലെ പത്രപ്രവർത്തക സുഹൃത്ത് ഷാജഹാനുമായുള്ള സ്നേഹബന്ധം അതിന്റേതായ രൂപത്തിൽ ആരും അറിയാത്തതുകൊണ്ട് മരണവാർത്തയും വൈകിയാണറിഞ്ഞത്.

*ചന്ദ്രിക* പത്രാധിപർ റഹീം മേച്ചേരിയുടെ ആകസ്മിക വിയോഗ വാർത്ത അതിരാവിലെ *മലയാള മനോരമ* റസിഡന്റ് എഡിറ്റർ അബൂബക്കർ സാഹിബ് വിളിച്ചു പറഞ്ഞു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിയപ്പോൾ കണ്ടുമുട്ടിയത് ശൈഖ് മുഹമ്മദ് കാരകുന്നിനെയാണ്. മോർച്ചറിക്ക് മുമ്പിൽ നിന്നുകൊണ്ട് അദ്ദേഹം മൊബൈലിൽ വിവരം പലരെയും അറിയിച്ചുകൊണ്ടിരിക്കുന്നു. അന്ന് രാവിലെ നഗരത്തിലെ ഒരു ഓഡിറ്റോറിയത്തിൽ നടക്കേണ്ടിയിരുന്ന മീഡിയാ സെമിനാറിന്റെ സമയമാറ്റത്തെക്കുറിച്ചും ശൈഖ് വാചാലനായി.

നാടിന്റെ നാനാ ഭാഗങ്ങളിലും ദിനേന മരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. പത്രങ്ങളിലെ ചരമകോളത്തിലൂടെ കണ്ണോടിക്കുമ്പോൾ ചിലർക്ക് നെഞ്ചിടിപ്പ് വർധിക്കുന്നു. വൃദ്ധജനങ്ങളേക്കാൾ കൂടുതൽ ചെറുപ്പക്കാരാണ് ഈ കോളം പലപ്പോഴും കൈയടക്കുന്നത്. പ്രായവും നിറവും ജാതിയും രാഷ്ട്രീയവും മതവും ഒന്നും നോക്കാതെ മരണം തട്ടിയെടുക്കുന്നവരിൽ പരിചയക്കാർ പെടുമ്പോൾ മരണവീട്ടിലെത്താൻ നാം തിടുക്കംകൂട്ടി എന്നുവരും. സുഹൃത്തുക്കളുമായി ബന്ധപ്പെടും. പറഞ്ഞിട്ടെന്തു ഫലം? മൃതദേഹം സംസ്കരിച്ച് മണിക്കൂറുകൾ പിന്നിട്ട ശേഷമാണല്ലോ വിവരം അറിയുന്നത്.

പ്രശസ്ത കളിയെഴുത്തുകാരനും പ്രഗത്ഭ നോവലിസ്റ്റും പത്രപ്രവർത്തനരംഗത്തെ കുലപതിയുമായിരുന്ന പി.എ മുഹമ്മദ് കോയ എന്ന മുഷ്ത്താഖ് മരിച്ചത് അദ്ദേഹത്തെ നന്നായറിയാവുന്ന കവി കുഞ്ഞുണ്ണി മാസ്റ്റർ അറിഞ്ഞത് ഒരു വർഷം കഴിഞ്ഞാണ്. തുടക്കത്തിൽ മുഷ്ത്താഖ് കൈകാര്യം ചെയ്തിരുന്ന *ചന്ദ്രിക* ആഴ്ചപതിപ്പിന്റെ പ്രസിദ്ധീകരണം വർഷങ്ങൾക്ക് ശേഷം നിർത്തി. വീണ്ടും അത് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചപ്പോൾ കേരളത്തിലെ എഴുത്തുകാർക്ക് കത്തയച്ചു. വാരികയുടെ പ്രഥമ പത്രാധിപർ പി.എയുടെ വിയോഗം വരുത്തിയ നഷ്ടം ചില കത്തുകളിൽ പരാമർശിച്ചിരുന്നു. ആ കത്തിനുള്ള മറുപടിയിൽ കുഞ്ഞുണ്ണി മാസ്റ്റർ മനോവേദനയോടു കൂടി ആ സത്യം വെളിപ്പെടുത്തി; താൻ വായിക്കാറുള്ള പ്രധാന പത്രത്തിന്റെ തൃശൂർ എഡിഷനിൽ പി.എയുടെ ചരമവാർത്ത വന്നിരുന്നില്ല എന്ന്.

ഒന്നിച്ച് പ്രവർത്തിച്ച് സഹോദരനെപ്പോലെ കണ്ടവരും ദീർഘകാലം ഗുരുശിഷ്യബന്ധം പുലർത്തിയവരും ഒരേ നാട്ടിൽ ഒരേ തൂവൽപക്ഷികളെ പോലെ ജീവിച്ചവരും സ്നേഹബന്ധത്തിന് മറ്റെന്തിനേക്കാളും പ്രാധാന്യം കൽപിച്ചവരും വിടപറയുമ്പോൾ ഉടലെടുക്കുന്ന വേദന ഒരളവോളം പരിഹരിക്കുന്നത് മരണവീട് സന്ദർശിക്കുന്നതിലൂടെയാണ്. അത്തരം ഒരു സന്ദർഭം നഷ്ടപ്പെടുന്നത് വേദനിപ്പിക്കുമല്ലോ.

വാർത്ത അറിയാനും അറിയിക്കാനും പണ്ടു കാലത്തെ അപേക്ഷിച്ച് ആധുനിക സൗകര്യങ്ങൾ ഏറെ വർധിച്ചിട്ടും പല മരണങ്ങളും നാം അറിയാതെ പോവുന്നു. ബന്ധങ്ങൾ അറ്റുപോകുന്നു എന്നതിന് ഒരു ഉദാഹരണമാണിത്. സ്വന്തം കാര്യത്തിന് മാത്രം ഇതൊക്കെ ഉപയോഗിച്ചാൽ പോര. അൽപം വിശാല മനസ്കത കൂടി കാണിക്കണം. അടുത്തകാലത്തായി *പ്രബോധനം* ചരമക്കുറിപ്പുകളിലൂടെ ഈ വിശാലമനസ്കത രൂപപ്പെടുത്തിയെടുക്കുന്നതിൽ ചാരിതാർഥ്യമുണ്ട്. ജീവിതം വിട്ടുപോവുന്നതിന് മുമ്പ്, ജീവിച്ചിരുന്നു എന്നതിന് കാര്യമായ തെളിവുകൾ വിട്ടേച്ചുപോയവരെ അനുസ്മരിക്കാനും അവരുടെ സന്ദേശം പുതിയ തലമുറക്ക് പകരാനും കോളങ്ങൾ ചെലവഴിക്കുന്നതിലും ലുബ്ധ് കാണിക്കേണ്ട കാര്യമില്ല.

**കെ.പി കുഞ്ഞിമ്മൂസ്സ**

## ചുരുക്കെഴുത്ത്

**ഇന്ത്യയിലെ** മുസൽമാന്മാർ രണ്ടാംതരം പൗരന്മാരാണെന്ന ധാരണ വെച്ചുപുലർത്തുന്ന പലരും കോൺഗ്രസ്സിലും ബി.ജെ.പിയിലുമുണ്ട്. സംഘ്പരിവാർകാരുടെ ഉള്ളിൽ തിളച്ചുമറിയുന്ന ക്രൂരവികാരവുമിതു തന്നെയാണ്. എന്നാൽ പരിശുദ്ധ സ്നേഹത്തിന്റെ നിർവൃതി നൽകാനാണ് പ്രവാചകൻ ഉദ്ബോധിപ്പിച്ചതെന്നും ആ ഉദ്ബോധനം പ്രാവർത്തികമാക്കാൻ ആത്മാർഥമായി പരിശ്രമിക്കുന്നവരാണ് ഇന്ത്യയിലെ ഇസ്ലാംമത വിശ്വാസികളെന്നും ഇവർ മറക്കുന്നു. ഈയൊരു പശ്ചാത്തലത്തിൽ എഴുതിയ 'മുസ്‌ലിം രാഷ്ട്രീയത്തിന്റെ ദേശീയ കാഴ്ചപ്പാട്' (മാർച്ച് 7) എന്ന സി.കെ അബ്ദുൽ അസീസിന്റെ ലേഖനം വളരെ വിജ്ഞാനപ്രദവും ആത്മാർഥവുമാണ്. നബി തിരുമേനിയെപ്പറ്റി ഇസ്ഹാഖ് ഒതളൂർ എഴുതിയ ലേഖനവും നന്നായി.

**അഡ്വ. വി.പി.ജി നമ്പ്യാർ കൂത്തുപറമ്പ്**

**ഞാൻ** ഏഴാം ക്ലാസ് വിദ്യാർഥിനിയാണ്. ഞങ്ങൾ കുട്ടികൾക്ക് കടിച്ചാൽ പൊട്ടാത്തതാണ് *പ്രബോധനം*. കഴിഞ്ഞ ലക്കങ്ങളിലെ സൈനബി(റ)നെകുറിച്ച കഥകൾ ഉപ്പ എന്നെക്കൊണ്ട് വായിപ്പിച്ചു. വളരെ ഇഷ്ടമായി.

മാർച്ച് 21-ലെ ലക്കത്തിൽ 'വെറുതെയാവില്ല' എന്ന കവിത വളരെ ഇഷ്ടമായി. ലളിതമായ ഭാഷയിൽ വളരെ ഹൃദയസ്പർശിയായി അനുഭവപ്പെടുന്ന ആ കവിത നിറഞ്ഞ ദുഃഖത്തോടെയും നനഞ്ഞ കണ്ണുകളോടെയുമല്ലാതെ വായിച്ചുതീർക്കാൻ കഴിയില്ല. സ്കൂളിലെ സംഗീത ടീച്ചർ പാടിത്തന്ന 'ഏതോ കിനാവിന്റെ ചില്ലയിൽ പൂവിടും' എന്ന പാട്ടിന്റെ രീതിയിൽ ഞാനും ഇത്താത്തയും കൂടി അത് പല പ്രാവശ്യം പാടി. *പ്രബോധന*ത്തിനും ജമീൽ മാമനും അഭിനന്ദനങ്ങൾ.

**നുബ്‌ല അഹ്‌മദ് ബാബു പാലത്ത്**

**മദ്യത്തെക്കുറിച്ച** ലേഖനങ്ങൾ (2009 മാർച്ച് 14) വായിച്ചു. എല്ലാ മതവിഭാഗങ്ങളും മദ്യവിരുദ്ധ സമരത്തോട് ഐക്യപ്പെടുന്നു. എന്നിട്ടും ദൈവത്തിന്റെ സ്വന്തം നാട്ടിൽ മദ്യം സുലഭം. അൽപനേരം ദുഃഖങ്ങൾ മറക്കാം എന്നല്ലാതെ മദ്യപിക്കുന്നതുകൊണ്ട് ഗുണം വല്ലതുമുണ്ടോ? അമിത രക്തസമ്മർദം, സിറോസിസ് തുടങ്ങിയ അനേകം രോഗങ്ങളുടെ വാഹകനും തിന്മകളുടെ മാതാവുമായ മദ്യത്തെ സാക്ഷര കേരളം നെഞ്ചേറ്റുന്നതെന്തുകൊണ്ട്?

മദ്യ-മാഫിയ-അബ്കാരി-രാഷ്ട്രീയ സംഘത്തിന് മുന്നിൽ കാലിടറുന്നവരാണ് നമ്മുടെ ഭരണകർത്താക്കൾ എന്ന സത്യം വളരെ വേദനാജനകമാണ്. സ്കൂൾ പാഠപുസ്തകങ്ങളിൽ ലഹരിവിരുദ്ധ ഭാഗങ്ങൾ ഉൾപ്പെടുത്തുന്നത് ഭാവി തലമുറ ലഹരിവിമുക്തമാകാൻ സഹായകമാവും. പ്രാദേശിക മദ്യനിരോധന വകുപ്പുകൾ പുനഃസ്ഥാപിച്ചുകിട്ടാൻ മലപ്പുറം കലക്ട്രേറ്റ് നടയിൽ തുടങ്ങിയ സത്യഗ്രഹം സർക്കാർ അവഗണിക്കുന്നത് അക്രമമാണ്.

**കെ.എ സുമയ്യ**
**ജി.എച്ച്.എസ്.എസ് വാഴക്കാട്**